# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുടക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ കെ എം/പി.2/1076/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ കെ എം/പി.2/1076/2022 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 13-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
2. പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. സ്വപ്ന വി, ഓഡിറ്റർ
5.നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിഷ സോജൻ | പ്രസിഡന്റ് | 01-04-2020 | 29-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 30-11-2020 | 29-12-2020 |
| ശ്രീ പി പി അവറാച്ചൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി കെ ഒ മേഴ്സി | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീ ജോയ് പി ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-06-2020 | 15-06-2020 |
| ശ്രീമതി അതിഥിദേവി ഡി | സെക്രട്ടറി | 16-06-2020 | 31-12-2020 |
| ശ്രീ സേതു കെ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2021 | 24-01-2021 |
| ശ്രീമതി അതിഥിദേവി ഡി | സെക്രട്ടറി | 25-01-2021 | 01-03-2021 |
| ശ്രീ സേതു കെ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എൻ എസ് സുധർലാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 30-04-2020 |
| ശ്രീ സേതു കെ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീമതി അനു ബേബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.രജിക കുട്ടപ്പൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുടക്കുഴ | 01-04-2020 | 22-01-2021 |
| ഡോ.രാജേഷ് ബി നായർ | മെഡിക്കൽ ഓഫീസർ (ചാർജ്), പി എച്ച് സി, മുടക്കുഴ | 23-01-2021 | 28-01-2021 |
| ഡോ.വിവേക് ജെസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുടക്കുഴ | 29-01-2021 | 26-02-2021 |
| ഡോ.രജിക കുട്ടപ്പൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുടക്കുഴ | 27-02-2021 | 31-03-2021 |
| ഡോ അഹിത എ കാദർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.സ്മിത കെ മോഹൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി ചന്ദ്രബിന്ദു കെ ആർ | കൃഷി ഓഫീസർ | 01-04-2020 | 27-07-2020 |
| ശ്രീമതി സ്മിനി വർഗീസ് | കൃഷി ഓഫീസർ | 28-07-2020 | 14-09-2020 |

| | | | |
|---|---|---|---|
| ശ്രീമതി ഹാജറ പി എച്ച് | കൃഷി ഓഫീസർ | 15-09-2020 | 31-03-2021 |
| ശ്രീമതി ജാൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു എ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-01-2021 |
| ശ്രീമതി രജിത എൻ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-02-2021 | 31-03-2021 |
| ശ്രീമതി ആശാലത എം | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, മൂടക്കുഴ | 01-04-2020 | 31-05-2020 |
| ശ്രീമതി രമണി പി പി | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, മൂടക്കുഴ | 01-06-2020 | 31-03-2021 |
| ഡോ.പ്രേംസി ഏലിയാസ് | വെറ്ററിനറി സർജൻ (തുരുത്തി) | 01-04-2020 | 25-05-2020 |
| ഡോ. എൽദോ പി വർഗീസ് | വെറ്ററിനറി സർജൻ (തുരുത്തി) - ചാർജ് | 26-05-2020 | 30-06-2020 |
| ഡോ.ജെസി എ എസ് | വെറ്ററിനറി സർജൻ (തുരുത്തി) | 01-07-2020 | 31-03-2021 |
| ഡോ. എൽദോ പി വർഗീസ് | വെറ്ററിനറി സർജൻ (മൂടക്കുഴ) | 01-04-2020 | 16-09-2020 |
| ഡോ. അനിൽ എ ബി | വെറ്ററിനറി സർജൻ (മൂടക്കുഴ) | 17-09-2020 | 31-03-2021 |

01.05.2020 മുതൽ 18.06.2020 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവ് ആണ്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 17-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shaiby.E.D (Asst. Audit Officer, On 16-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 17-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 17-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Asst. Audit Officer, On 16-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 17-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 16-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiby.E.D (Asst. Audit Officer, On 17-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-6 |
| 8 | ഗ്രാമസഭ<br>Written By: Shaiju Mathew (Audit Officer, On 19-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Shaiju Mathew (Audit Officer, On 18-06-2022)<br>Last Updated By: Shaiju Mathew (Audit Officer, On 18-06-2022) | 1-8 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 15-06-2022) | 1-10 |
| 12 | തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസും, പുതിയവ വാങ്ങലും-അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-11 |
| 13 | FTEA&OS ലൈസൻസ് ഫീസ് -അപാകങ്ങൾ<br>Written By: Nabeel Muhammad Abbas (Auditor, On 17-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-12 |
| 14 | കുടിവെള്ള ടാപ്പ് കണക്ഷൻ വിച്ഛേദിക്കൽ-നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗവിവരമില്ല<br>Written By: Prasad P G (Asst. Audit Officer, On 17-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-13 |
| 15 | പകർച്ചവ്യാധി നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 17-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-14 |
| 16 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 18-06-2022)<br>Last Updated By: Raj N.C (Computer Assistant, On 08-08-2022) | 1-15 |

| | | |
|---|---|---|
| 17 | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 18-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-16 |
| 18 | ആയുർവേദം-ഓഡിറ്റ് നിർദ്ദേശം പാലിച്ചിട്ടില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 18-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-17 |
| 19 | കൃഷി - തുക ലഭ്യമായതിന്റെ രേഖകൾ ഇല്ല<br>Written By: Shaiby.E.D (Asst. Audit Officer, On 17-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-18 |
| 20 | മഴക്കാലപൂർവ ശുചീകരണം-ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 18-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-19 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ- പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-20 |
| 22 | പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് പ്രവൃത്തിക്ക് തുക നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധം.<br>Written By: Shaiju Mathew (Audit Officer, On 18-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-21 |
| 23 | മരാമത്ത് പ്രവൃത്തിയിലെ അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 18-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-22 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനം-അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 18-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 1-23 |
| 25 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Nabeel Muhammad Abbas (Auditor, On 18-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 18-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 16-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 17-06-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 15-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 17-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 17-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 15-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 15-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiju Mathew (Audit Officer, On 18-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 08-08-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 15-06-2022)<br>Last Updated By: Joby George (Computer Assistant, On 08-08-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 17.03.2020 ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) |
|---|---|---|
| മുന്നിരിപ്പ് | 3936612.00 | 9857158.00 |
| വരവ് | 172845067.00 | 157613277.00 |
| ആകെ | 176781679.00 | 167470435.00 |
| ചെലവ് | 174708535.00 | 160558449.00 |
| നീക്കിയിരിപ്പ് | 2073144.00 | 6911986.00 |

2020-21 ലെ പുതുക്കിയ ബജറ്റ് 15.02.2021 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായും തുടർ നടപടികൾക്കും അവലോകനം നടത്തുന്നതുമായും ബന്ധപ്പെട്ട് വിവരങ്ങൾ അടങ്ങുന്ന കൃത്യമായ ഫയൽ സൂക്ഷിക്കുന്നില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി കാണുന്നില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതായി കാണുന്നില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടതും അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 05.08.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു. ഇത്

സംബന്ധിച്ച് നൽകിയ 17.06.2022 ലെ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2) നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയായി 460500201 ഹെഡ്ഡിൽ ചേർത്തിട്ടുള്ളത് 170000/-രൂപയാണ്. പൊതുമരാമത്ത് വകുപ്പിന് പ്രൊജക്റ്റ് നമ്പർ SO129/21 പ്രകാരം നൽകിയ 558000/- രൂപയും കെ എസ് ഇ ബി-ക്ക് പ്രൊജക്റ്റ് നമ്പർ 230/21 പ്രകാരം നൽകിയ 136126/- രൂപയും ചേർത്ത് 694126/- രൂപ നൽകിയിട്ടുള്ളത് ഈയിനത്തിലെ മുൻകൂർ തുകയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) B 11 ഷെഡ്യൂളിൽ ആസ്തി വിവരങ്ങൾ ഒന്നും ചേർത്തിട്ടില്ല. എന്നാൽ B 11(a) ഷെഡ്യൂളിൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ചേർത്തിട്ടുണ്ട്.

4) B 1 ഷെഡ്യൂളിൽ പഞ്ചായത്ത് ഫണ്ട് കണക്കാക്കാൻ Excess Of Income Over Expenditure ആയി -35701042 രൂപയാണ് കണക്കിലെടുത്തിട്ടുള്ളത്. എന്നാൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 11148736 ആണ്.
5) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യപത്രികയിൽ ലഭ്യമല്ല.
6) ലോൺ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15915272 |
| ഓഡിറ്റ് വർഷത്തെ വരവ് | 74707550 |
| ആകെ | 90622822 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77026653 |
| നീക്കിയിരിപ്പ് | 13596169 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 808901 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9122253 | 9122253 | 8000982 | 0 | 1121271 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6349529 | 6349529 | 5855854 | 0 | 493675 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22711000 | 22711000 | 22710945 | 0 | 55 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3339537 | 0 | 117144 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 8046756 | 8046756 | 4389459 | 0 | 3657297 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 3780000 | 3780000 | 628293 | 0 | 3151707 |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം | 468825 | 562363 | 1031188 | 998880 | 32308 | |
| സാനിട്ടേഷൻ 320100115 | 106000 | 0 | 106000 | 105981 | 19 | |
| NPPD | 1250000 | 0 | 1250000 | 0 | 1250000 | |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാ വിഷ്ണുതഫണ്ട്- | | | | | | |
| വിമുക്തി, ആശ്രയ,കില 320300199 | 17615 (വിമുക്തി) | 1333333 (ആശ്രയ) 17887 (കില) | 1368835 | 17887 | 17615 (വിമുക്തി) 1333333 (ആശ്രയ) | |
| 320200399 (ലൈഫ്-സംസ്ഥാന വിഹിതം) | 0 | 760000 | 760000 | 600000 | 160000 | |
| ശുചിത്വമിഷൻ 320200322 | 851877 | 0 | 851877 | 0 | 851877 | |
| ഖരമാലിന്യ സംസ്കരണം 320200304 | 400416 | 0 | 400416 | 0 | 400416 | |
| സാനിട്ടേഷൻ 320300103 | 4347 | 1692609 | 1696956 | 40000 | 1656956 | |
| 320200309 സാക്ഷരത | 6993 | 217 | 7210 | 0 | 7210 | |
| നിർമ്മൽ പുരസ്കാർ | 126 | 0 | 126 | 0 | 126 | |
| 320100101 ARWSS | 0 | 1510044 | 1510044 | 0 | 1510044 | |
| 320800199 ജനകീയ ഭവനപദ്ധതി | 1128 | 37 | 1165 | 0 | 1165 | |
| 320100125 ഐ സി ഡി എസ്-സർവീസ് | 0 | 54000 | 54000 | 0 | 54000 | |
| ദുരിതാശ്വാസ നിധി | 8514 | 25200 | 33714 | 29500 | 4214 | |

| ഫണ്ടിനം | ജി ഒ പ്രൊജക്ട് | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1417768 | 930889 |
| വികസന ഫണ്ട് (എസ്.സി.പി) | 366471 | 1764417 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 9031080 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 348854 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | | 3371488 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | | 299292 |

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് ആശാസ്യമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 90135387 | 154 | 60230777 | 46 | 22 | 69.36% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 79519 | 1008625 + 11527 (പലിശ) | 1099671 | 1074967 | 24704 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 14555535 | 14555535 | 14555535 | -- |
| ആകെ | 79519 | 15575687 | 15655206 | 15630502 | 24704 |

### 1-7 ഗ്രാമസഭ

കോവിഡ് പ്രതിസന്ധി കാരണം 2020-21വർഷത്തിൽ 1/2021ൽ മാത്രമാണ് ഗ്രാമസഭകൾ കൂടിയിട്ടുള്ളത്.ഇവയിൽ ആവശ്യമായ ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 ഉച്ചകഴിഞ്ഞ് 3.10 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2082/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 6444100 | 415 |
| വിധവാപെൻഷൻ | 11683000 | 764 |
| വാർദ്ധക്യകാല പെൻഷൻ | 18204700 | 1302 |
| വികലാംഗ പെൻഷൻ | 4368000 | 296 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 764600 | 50 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2021 | 01.11.2020 മുതൽ 31.12.2020 വരെ | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 - 22.04.2015 | 2010-11 മുതൽ 2014-15 വരെ | 08.06.2015 |

### 1-11 തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസും, പുതിയവ വാങ്ങലും-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം ,പേര് | എസ്.ഒ.232/21, തെരുവ് വിളക്ക് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | 1,60,000/- ( തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 1,54,783/-(ബിൽ നം 332/27.03.2021) |
| കരാറേറ്റെടുത്ത സ്ഥാപനം | ആമ്പ്ക്യൂബ്( Ampcube) എഞ്ചിനീയറിംഗ് സർവ്വീസ്സ് കോതമംഗലം. |

മുടക്കുഴ ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസിനായി ആവിഷ്കരിച്ച മേൽ പദ്ധതി നടത്തിപ്പിനായി ടെണ്ടർ നടപടികളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആമ്പ് ക്യൂബ് എഞ്ചിനീയറിംഗ് സർവ്വീസസ് കോതമംഗലം എന്ന സ്ഥാപനവുമായി 22.01.2020 ൽ ഒരു വർഷത്തേക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്. ഒരു എൽ.ഇ.ഡി ബൾബ് നന്നാക്കുന്നതിന് ആകെ 349/-യാണ് ടെണ്ടറിൽ ക്വോട്ട് ചെയ്തിരുന്നത്. 249/- രൂപ ബൾബിന്റെ വിലയും ( LED BULB 14 W) 100/- രൂപ ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിലുമാണ് ബില്ലിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഇതിനോട് കൂടെ 18 % GST ചേർത്താണ് കരാറുകാരൻ ബിൽ നൽകിയിട്ടുള്ളത്. 390 എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി മാറ്റി സ്ഥാപിച്ചതനുസരിച്ചുള്ള ബിൽ ഹാജരാക്കുകയും, ഇവ സ്ഥാപിച്ചതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റേയും, മോണിറ്ററിംഗ് റിപ്പോർട്ടിന്റേയും

അടിസ്ഥാനത്തിലാണ് 1,54,783/-രൂപ ചെലവഴിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീയതി 15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ പരാതി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള മറ്റൊരു പദ്ധതി( നം 231/21) പ്രകാരം 393 14 W LED ബൾബുകൾ 2,94,357/- രൂപ ചെലവഴിച്ച് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആമ്പ് ക്യൂബ്(Ampcube) എഞ്ചിനീയറിംഗ് സർവ്വീസസ് കോതമംഗലം എന്ന സ്ഥാപനത്തിന് തന്നെയാണ് ഈ പദ്ധതിയുടേയും കരാർ ലഭിച്ചിട്ടുള്ളത്. ഇതിന്റെ ടെണ്ടറിൽ LED BULB 14 W 6500K B22 ന് 325/- രൂപയും, അക്സസറികൾക്കും ഫിറ്റിംഗ് ചാർജ്ജിനത്തിലുമായി 424/- രൂപയുമടക്കം ഒരു യൂണിറ്റിന് 749/- രൂപയാണ് സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ളത്. ഈ നിരക്ക് അംഗീകരിച്ച് മേൽ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. 28/11/2019 ലെ ടെണ്ടർ നോട്ടീസ് പ്രകാരമാണ് രണ്ട് പദ്ധതികൾക്കും ടെണ്ടർ വിളിച്ചിട്ടുള്ളത്. ഒരേ ദിവസം സമർപ്പിച്ച ടെണ്ടറിൽ മെയിന്റനൻസിനായി വാങ്ങിയ ഇതേ വാട്ടുള്ള ബൾബിന് 249/-രൂപയും, പുതുതായി സ്ഥാപിക്കുന്ന ബൾബിന് 325/-രൂപയും ക്വോട്ട് ചെയ്തത് അതേ പടി അംഗീകരിച്ചാണ് രണ്ട് പദ്ധതികൾക്കും വർക്ക് ഓർഡർ നൽകിയിട്ടുള്ളത്.

മേൽ പ്രകാരം മെയിന്റനൻസിനായി വാങ്ങിയ ബൾബിനും, പുതുതായി സ്ഥാപിച്ച ബൾബിനും വ്യത്യസ്ത നിരക്ക് അനുവദിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം ) മറുപടി ലഭ്യമാക്കിയില്ല.

പുതുതായി വാങ്ങിയ ബൾബുകൾ 13 വാർഡുകളിലായി സ്ഥാപിച്ചതായുള്ള മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിലുണ്ട്. എന്നാൽ ഇവ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പോസ്റ്റ് നമ്പർ സഹിതം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഏതൊക്കെ പോസ്റ്റുകളിലാണ് പുതിയ ബൾബുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് ധാരണയില്ലെങ്കിൽ ഭാവിയിൽ മെയിന്റനൻസ് നടത്തുന്നതിനും, വാറന്റി ക്ലെയിം ചെയ്യുന്നതിന് തടസ്സമാകുമെന്നതിനാൽ പുതിയ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ കൃത്യമായ വിവരം സൂക്ഷിക്കേണ്ടതാണ്.

പരാതി രജിസ്റ്ററും, തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസറ്ററും പരിശോധനക്ക് ഹാജരാക്കേണ്ടതും, അപാകതകൾക്ക് മറുപടി നൽകേണ്ടതുമാണ്.

## 1-12 FTEA&OS ലൈസൻസ് ഫീസ് -അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1). കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ 7, 18, 19, 20, 21എന്നീ ചട്ടങ്ങൾ പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II,III,IV എന്നീ പട്ടികകളിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ ചട്ടങ്ങൾ മുഖാന്തിരം ഗ്രാമ പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ സംബന്ധിക്കുന്ന വിവരങ്ങൾ, കമ്മറ്റി അംഗീകൃത തീരുമാനങ്ങൾ എന്നിവ ഹാജരാക്കിയില്ല.ആയത് സംബന്ധിച്ച് 16.06.2022 -ൽ നൽകിയ 7-ാം നമ്പർ എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത് ഗ്രാമ പഞ്ചായത്തിൽ 2017 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫീസുകൾ അടവാക്കുന്നുണ്ട് എങ്കിലും പുതുക്കിയ നിരക്കുകൾ സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല എന്നാണ്.

2). ഫാക്ടറികളിൽ /വ്യാപാരസംരംഭങ്ങളിൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിന്റെ വിവരം വ്യക്തമായി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

CARRIS PIPES AND TUBES PRIVATE LTD.AKANAD എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ അപേക്ഷകൻ രേഖപ്പെടുത്തിയിട്ടുള്ളത് 450 Hp ആണ് ആകെ സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യാന്ത്രിക കുതിര ശക്തി

എന്നാണ് അപേക്ഷയ്ക്കൊപ്പം നൽകിയിരിക്കുന്ന Department Of Factories And Boilers ന്റെ ഫോറം 4 പ്രകാരം വൈദ്യുതി കൊണ്ട് ഉപയോഗിക്കുന്ന യാന്ത്രിക കുതിര ശക്തി 541.55 Hp(505 KVA) യും, വൈദ്യുതി കൊണ്ടല്ലാതെ ഉപയോഗിക്കുന്ന യാന്ത്രിക കുതിര ശക്തി 804.613 Hp(600 KW)യുമാണ്. എന്നാൽ 5 വർഷത്തേക്കായി സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യാന്ത്രിക കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ (പട്ടിക III,IV പ്രകാരം) ഈടാക്കേണ്ട ഫീസ് ഇനത്തിൽ പ്രതിവർഷം 5000 രൂപ നിരക്കിൽ 25000 രൂപയാണ് ആകെ ഈടാക്കിയിട്ടുള്ളത്,

ആയത് സംബന്ധിച്ച് 16.06.2022 -ൽ നൽകിയ 7-ാം നമ്പർ എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത് CARRIS PIPES AND TUBES PRIVATE LTD.AKANAD എന്ന സ്ഥാപനത്തിന്റെ പി.സി.ബി. കൺസന്റിലും,ഫയർ ആന്റ് റസ്ക്യൂ വകുപ്പ് എൻ.ഒ.സി. യിലും 450എച്ച്.പി ക്കായുള്ള അനുമതി മാത്രമാണ് നൽകിയിട്ടുള്ളത് എന്നും, ഇൻസ്റ്റലേഷൻ ഫീസ് ഈടാക്കി ഇൻസ്റ്റലേഷൻ പെർമിറ്റ് നൽകിയിട്ടുള്ളത് എന്നും ടി കമ്പനിക്ക് ലൈസൻസ് പുതുക്കുമ്പോൾ 450 എച്ച്.പി. ക്കുള്ള ഫീസാണ് ആകെ ഈടാക്കി വരുന്നതെന്നും അതിനുമുകളിൽ കുതിരശക്തി കമ്പനി ആർജിച്ചിട്ടുണ്ട് എങ്കിൽ അത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും, ഫയർ വകുപ്പിന്റെയും, പഞ്ചായത്തിന്റെയും അനുമതിയോടെയല്ല എന്നുമാണ്. എന്നാൽ നിലവിൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ള പി.സി.ബി. കൺസന്റിൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിന്റെ വിവരം ചേർത്തിട്ടില്ല. കൂടാതെ ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ള ഫയർ ആന്റ് റസ്ക്യൂ വകുപ്പ് എൻ.ഒ.സി. 10.10.2014 -ൽ ലഭ്യമായിട്ടുള്ളതും അത് പ്രകാരം 448 എച്ച്.പി. യാണ് ഉപയോഗത്തിനായി ഉള്ളത് എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

1).ചട്ടങ്ങൾ മുഖാന്തിരം ഗ്രാമ പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ സംബന്ധിച്ച് കമ്മറ്റി അംഗീകൃത തീരുമാനങ്ങൾ എടുത്ത് ആയത് ഓഡിറ്റിനായി ഹാജരാക്കി വിശദീകരണം നൽകേണ്ടതാണ്.

2). മേൽ ചേർത്തിട്ടുള്ള ഉദാഹരണം സംബന്ധിച്ച് അപാകങ്ങൾ പരിശോധിച്ച് ഈടക്കേണ്ട തുകയിൽ കുറവ് വന്നിട്ടുള്ള തുക ഈടാക്കുകയും, സമാനമായ മറ്റെല്ലാ അപേക്ഷകളിലും ചട്ടങ്ങൾക്ക് വിരുദ്ധമായി നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 കുടിവെള്ള ടാപ്പ് കണക്ഷൻ വിഛേദിക്കൽ-നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗവിവരമില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | എസ് 259/21-കുടിവെള്ള ടാപ്പ് കണക്ഷൻ വിഛേദിക്കൽ |
| അടങ്കൽ തുക | 1,70,000/- |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ ആലുവ. |
| ആകെ ചെലവ് | 1,70,000/- (ചെക്ക് നം.708885/10.11.2020. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മുടക്കുഴ ഗ്രാമ പഞ്ചായത്തിലെ പ്രവർത്തന രഹിതമായ തെരുവ് കുടിവെള്ള ടാപ്പുകൾ വിഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ ഫീസ് അടവാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. വാട്ടർ അതോറിറ്റി ഹാജരാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ്(നം 2020/6668) PH Division, KWA Aluva ഓഫീസിലേക്ക് തുക അടവാക്കിയിട്ടുള്ളത്. എത്ര ടാപ്പുകൾ വിഛേദിക്കുന്നതിനുള്ള തുകയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല. ആകെ നീക്കം ചെയ്ത ടാപ്പുകളുടെ വിവരവും, ഡെപ്പോസിറ്റ് ചെയ്ത തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 16/17.06.2022) മറുപടി ലഭ്യമാക്കിയില്ല.

മേൽവിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 1,70,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 പകർച്ചവ്യാധി നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S00251/-2020-21<br>പകർച്ചവ്യാധി<br>നിയന്ത്രണം |
| അടങ്കൽ | 100000/- (തനതുഫണ്ട്) |
| ചെലവ് | 99847/-<br>( 6330/-,29965/-,<br>12136/-,4725/-,11750/-,34941/- |
| ചെക്ക് നം./തീയതി | 123546/29.3.21 |

മേൽ പ്രോജക്റ്റ് പ്രകാരം കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ആർ.ടി.പി.സി.ആർ ടെസ്റ്റിനും ക്യാമ്പുകളിലേക്ക് സാധന സാമഗ്രികൾ എത്തിച്ച വകയിലും വണ്ടി ഓടിച്ചതിന് വിവിധ വ്യക്തികളുടെ പേരിലുള്ള വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വ്യക്തിയുടെ പേര് / തുക | തീയതി |
|---|---|---|
| 1 | ആർ. ഇ കുഞ്ഞുമോൻ , 3000/- | 12.10.20,23.10.20,6.11.20,<br>17.8.20,26.8.20,<br>11.9.20 /500രൂപ വീതം |
| 2 | നിധിൻ പി.കെ, 1500/- | 5.10.20 , 17.10.20,31.10.20 / 500രൂപ വീതം |
| 3 | റെജി കുര്യാക്കോസ്, 1500/- | 7.9.20,17.9.20,23.9.20/500വീതം |
| 4 | മോഹൻകുമാർ വി , 1000/- | 19.9.20,28.9.20/ 500 രൂപ വീതം |
| 5 | കെ.എം പൗലോസ്, 500/- | 28.9.20/ 500 രൂപ വീതം |

1)എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതി നടപ്പിലാക്കിയതിൽ മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികൾക്കു പകരം പ്രദീപ് പി.എസ്. എന്ന വ്യക്തിക്കാണ് 12136/- രൂപ ചെക്ക് നം.123546/29.3.21 പ്രകാരം നൽകിയിട്ടുള്ളത്.

2) പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്കും പി.എച്ച്.സിയിൽ കോവിഡ് -19 ടെസ്റ്റിന് റൂം സജ്ജമാക്കുന്നതിനുമായി 6330/- രൂപ മേൽ ചെക്ക് നമ്പർ പ്രകാരം നൽകിയിരിക്കുന്നത് സലിം ബി. എന്ന വ്യക്തിക്കാണ്. എന്നാൽ ചെലവു വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നത് കുര്യാക്കോസ് കെ.പി എന്ന വ്യക്തിയുടെ പേരിലാണ്. ഇത് ശരിയായ നടപടിയല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/ 16.6.22) ലഭ്യമായിട്ടുള്ള മറുപടിയിൽ കോവിഡ് മൂലം പഞ്ചായത്തും മറ്റു ഗവ. സ്ഥാപനങ്ങളും അടച്ചിട്ടിരിക്കുന്നതു കൊണ്ട് ബില്ലുകൾ ക്ലെയിം ചെയ്യാൻ താമസം നേരിട്ടതിനാൽ സ്ഥാപനത്തിലെ മറ്റൊരു ജീവനക്കാരന്റെ പേരിൽ ബിൽ ക്ലെയിം ചെയ്തു എന്നാണ്. ഇത്തരം അപാകതൾ ഒഴിവാക്കുവാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവർത്തി ചെയ്ത വ്യക്തികളുടെ അക്കൌണ്ടിലേക്കു തന്നെ തുക കൈമാറേണ്ടതാണ്.

## 1-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0014/2020-21<br>പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 600000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |

| | |
|---|---|
| ആകെ ചെലവ് തുക | 590292/- |
| തുക/ബിൽ നമ്പർ/ തീയതി | 186609/-(3/20-21,25.8.20)<br>50457/-(4/20-21,30.10.20)<br>186930/-(7/20-21,18.1.21)<br>61251/-(9/20-21,24.2.21)<br>6028/-(12/20-21,28.3.21)<br>36707/-(10/20-21,28.3.21)<br>60000/-(11/20-21,28.3.21)<br>390/-(13/20-21,28.3.21)<br>1920/-(14/20-21,28.3.21) |

ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ പ്രോജക്റ്റ് പ്രകാരം കെ.എം.എസ്.സി.എൽ ലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ 186930/- രൂപ (ബിൽ നം.7/20-21) നൽകിയതിൽ 174400/-രൂപയുടെ മരുന്നുകളും 60000/- രൂപ നൽകിയതിൽ 51055/-രൂപയുടെ മരുന്നുകളുമാണ് ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്. ബാക്കി 21475/-(186930-174400 = 12530/-, 60000-51055= 8945/-) രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/17.6.2022 ) മറുപടിയിൽ ആയവ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്കായി ഹാജരാക്കുന്നതു വരെ 21475/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-16 കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0091/2020-21<br>കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം |
| അടങ്കൽ തുക | 600000/-(വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ആകെ ചെലവ് തുക | 599484/- |
| തുക/ബിൽ നമ്പർ/ തീയതി | 101631/-(2/20-21,29.7.20)<br>60984/-(5/20-21,18.9.20)<br>78025/-(6/20-21,8.1.21)<br>139539/-(8/20-21,24.2.21)<br>26372/-(18/20-21,31.3.21)<br>35751/-(15/20-21,31.3.21)<br>35245/-(16/20-21,31.3.21)<br>87421/-(17/20-21,31.3.21)<br>34516/-(19/20-21,31.3.21) |
| | |

1) ഫയൽ പരിശോധിച്ചതിൽ ബിൽ നം.2/20-21 പ്രകാരം ചെലവഴിച്ച 101631/-രൂപയുടെ ചെലവു രേഖകൾ ലഭ്യമായില്ല. ആയവ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 9/17.6.22) യുടെ മറുപടിയിൽ 92205/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്കായി ലഭ്യമാക്കി. ബാക്കി 9426/- രൂപയുടെ ചെലവുരേഖകൾ പരിശോധനക്കായി

ലഭ്യമായിട്ടില്ല. ആയതു ലഭ്യമാക്കുന്നതു വരെ 9426/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയർ ട്രെയിനിംഗ് & സംഗമം നടത്തി ഭക്ഷണം നൽകിയ വകയിൽ 26372/- രൂപ ബിൽ നം. 8/20-21, തീയതി 31.3.21 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.പരിപാടി നടപ്പാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. ആയവ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 9/17.6.22) നൽകിയതിനുശേഷം ലഭ്യമായ മറുപടിയിൽ 5.3.2021 ൽ പാലിയേറ്റീവ് കെയർ ട്രെയിനിംഗ് & സംഗമം നടത്തി 152 പേർ പങ്കെടുത്ത ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്.

സ.ഉ (സാധാ) നം. 553/2019 ത.സ്വ.ഭ.വ തീയതി 7.3.2019 ഖണ്ഡിക നം 2.4.5 ബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടികൾ പ്രകാരം ഒരാൾക്ക് ഒരു ദിവസം 100 രൂപ എന്ന നിരക്കിലാണ് ചെലവഴിക്കാവുന്നത്. പരിശീലനപരിപാടിയിൽ 20 മുതൽ 30 വരെ ആളുകളെ പങ്കെടുപ്പിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമല്ല പരിശീലനപരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. ഉത്തരവ് നം. ഖണ്ഡിക 2.4.6 പ്രകാരം രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരലിൽ കലാകായിക പരിപാടികൾ, നൈപുണ്യവികസനം തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. പരിപാടിയിൽ 20 മുതൽ 30 വരെ ആളുകളെ പങ്കെടുപ്പിക്കുന്നതാണ് അഭികാമ്യം. രോഗീബന്ധു സംഗമത്തിൽ ഇത്തരം പരിപാടികൾ സംഘടിപ്പിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല. ഗ്രാമ പഞ്ചായത്തിൽ കോവിഡ് പശ്ചാത്തലത്തിൽ 152 പേരെ പങ്കെടുപ്പിച്ച് പരിപാടി നടത്തിയതെങ്ങനെയെന്നതിന് വിശദീകരണം ലഭ്യമായിട്ടില്ല. ഇത്തരം പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ഫോട്ടോ സഹിതം വ്യക്തമായ ചെലവു രേഖകൾ ഫയലിൽ സൂക്ഷിച്ച് ഓഡിറ്റിന് ലഭ്യമാക്കുവാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവുതുകകൾ വൌച്ചറിലെ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തന്നെ കൈമാറുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ പാലിയേറ്റീവ് കെയർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-17 ആയുർവേദം-ഓഡിറ്റ് നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സൂതികാ പരിചരണം |
| പ്രോജക്ട് നം | 90/21 |
| അടങ്കൽ | 1,00,000/-( വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 100000/- |
| ചെക്ക് നം/ തീയതി | 59 തീയതി 19.06.2020 |

ഗ്രാമപഞ്ചായത്തിൽ ഗർഭകാലവും സൂതികാകാലവും ചെലവഴിക്കുന്ന സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി ആയുർവ്വേദ പരിചരണത്തിലൂടെ രോഗപ്രതിരോധ ശക്തി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിരിക്കുന്നതാണ് മേൽപദ്ധതി. സ.ഉ.(കൈ) നം.22/2018/ത.സ്വ.വ. തീയതി.14.02.2018, സ.ഉ.(കൈ) നം.11/2018/ത.സ്വ.വ. തീയതി.29.01.2018 എന്നീ പദ്ധതി മാർഗ്ഗരേഖകളിൽ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടിൽ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പു മാനദണ്ഡങ്ങൾ വ്യക്തമല്ല. നിലവിലുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതി ആയതിനാൽ സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക3.8.4 പ്രകാരം മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നൂതന പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണെന്ന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ തൻവർഷവും പ്രസ്തുത പദ്ധതി നൂതന പദ്ധതിയിൽപ്പെടുത്തി അംഗീകാരം വാങ്ങാതെയാണ് നടപ്പാക്കിയിട്ടുള്ളത്. മരുന്ന് വാങ്ങുന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ ഏതൊക്കെ മരുന്നുകളാണ് ലഭ്യമല്ലാത്തതെന്ന വിവരം രേഖപ്പെടുത്തുന്നില്ലെന്ന ഓഡിറ്റ് പരാമർശവും നിലവിൽ പരിഹരിച്ചിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-18 കൃഷി - തുക ലഭ്യമായതിന്റെ രേഖകൾ ഇല്ല

കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളതാണ്.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തരിശുനില പച്ചക്കറി കൃഷി |
| പ്രോജക്ട് നം | 248/21 |
| അടങ്കൽ | 50000/-( തനതുഫണ്ട്) |
| ചെലവ് | 43750/- |
| ചെക്ക് നം/ തീയതി | 400764 തീയതി 31.03.21 |

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പച്ചക്കറി തൈ വിതരണം |
| പ്രോജക്ട് നം | 249/21 |
| അടങ്കൽ | 50000/-( തനതുഫണ്ട്) |
| ചെലവ് | 50000/- |
| ചെക്ക് നം/ തീയതി | 0545510 തീയതി 31.03.21 |

3.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഫലവൃക്ഷത്തൈ വിതരണം |
| പ്രോജക്ട് നം | 250/21 |
| അടങ്കൽ | 50000/-( തനതുഫണ്ട്) |
| ചെലവ് | 50000/- |
| ചെക്ക് നം/ തീയതി | 123369 തീയതി 18.02.21 |

1. പ്രൊജക്ട് നമ്പർ 248/21

പദ്ധതിയിൽ 9 ഗുണഭോക്താക്കൾക്കായി 43750/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ തുക ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ രേഖകളൊന്നും ഫയലിൽ ഇല്ല.

2. പ്രൊജക്ട് നമ്പർ 249/21

ഈ പദ്ധതിയിൽ പച്ചക്കറിത്തൈ ലഭ്യമാക്കിയതിന് VFPCK ഹൈടെക്ക് വെജിറ്റബിൾ സീഡ്ലിംഗ് പ്രൊഡക്ഷൻ സെന്ററിന് 50000/- രൂപ നൽകിയിട്ടുണ്ട്.

3. പ്രൊജക്ട് നം.250/21

പ്രസ്തുത പദ്ധതിയിൽ താഴെപ്പറയും പ്രകാരം 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്.
1) കേരള കാർഷിക സർവ്വകലാശാല AMPRS ഓടക്കാലി - 6000/- രൂപ
2) നെല്ല് ഗവേഷണ കേന്ദ്രം - 16875/- രൂപ
3) VFPCK കൃഷി ബിസിനസ് കേന്ദ്ര എറണാകുളം - 17704/- രൂപ
4) പൈനാപ്പിൾ റിസർച്ച് സ്റ്റേഷൻ - 1296/- രൂപ
5) ആരോമാറ്റിക് & മെഡിസിനൽ
പ്ലാന്റ് റിസർച്ച് സ്റ്റേഷൻ - 8125/- രൂപ

മേൽ പരാമർശിത മൂന്ന് പദ്ധതികളിലും ബില്ല് ലഭ്യമാണെങ്കിലും തുക ഗുണഭോക്താവിന്/സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ടെന്നതിന്റെ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. തുക ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17.06.2022 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിന്/ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-19 മഴക്കാലപൂർവ ശുചീകരണം-ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നം. 22000289, തീയതി 30.7.2020 പ്രകാരം 1,95,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.മുടക്കുഴ-യ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ വാർഡ് 3, 10, 11 ലെ 45,000/-(15000 വീതം) രൂപയുടെയും വാർഡ് 6 ലെ 5000/- രൂപയുടെയും ഉൾപ്പെടെ 50000/- രൂപയുടെ ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയവ പരിശോധനക്കായി ലഭ്യമാക്കുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/

17.6.22) മറുപടി ലഭ്യമായിട്ടില്ല. മേൽ പ്രവൃത്തികളുടെ ചെലവ് രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 244/20-21, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | 8,60,350/-രൂപ (വികസനഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക- 14,99,880/- | ബിൽ നം 04/30.07.2020-7,53,500/-<br>ബിൽ നം 05/30.07.2020-1,02,750/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ബിരുദം, ബിരുദാനന്തര ബിരുദം. ഡിപ്ലോമ (പോളി ടെക്നിക്ക്), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ വർഗ്ഗ വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് ലഭിക്കാൻ അർഹത.

2019-20 വർഷം ആവിഷ്കരിച്ച 36/20 നം പ്രോജക്റ്റ് പ്രകാരമാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ജി ഒ (പി) നം.10/2019/എസ് പി ഡി തീയതി 22.08.2019 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്. സർക്കുലർ നമ്പർ ഐടി സെൽ-1/26/2019 വി.സ.വ തീയതി 18.03.2019 പ്രകാരം Www.cprcs.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ ഫോട്ടോകോപ്പിയറുകൾ മുതലായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല. CPRCS ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശവും, 5,00,000/- രൂപയിലധികം അടങ്കലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കണമെന്ന സർക്കാർ നിർദ്ദേശവും പരിഗണിക്കാതെ, മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ഒരു ലാപ്ടോപ്പിന് 34,250/- രൂപ എന്ന നിരക്ക് ക്വോട്ട് ചെയ്ത ഇൻസൈറ്റ് സിസ്റ്റംസ് തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

15.11.2019 ലാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. മേൽ സർക്കാർ നിർദ്ദേശം വന്നതിനുശേഷമായതിനാൽ CPRCS മുഖേന വാങ്ങേണ്ടതായിരുന്നു. ആകെ 25 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ഇല്ലാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നതിനാൽ വകുപ്പിൽ നിന്നും ഇത്തരമൊരു സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകിയത് ശരിയല്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്ത താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം | അപാകതയ്ക്ക് കാരണം |
|---|---|---|---|---|
| 1 | അനീഷ പി.എ | ബി.എ. എക്കണോമിക്സ് | നിർമ്മൽ ജ്യോതി കോളേജ് പെരുമ്പാവൂർ | കുട്ടി പഠിക്കുന്നത് പാരലൽ കോളേജിലായതിനാൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ആവശ്യമാണ്. |

| | | | | |
|---|---|---|---|---|
| 2 | ലിനിയ കെ ശങ്കർ | ഡി.ഫാം | Institute Of Pharmaceutical Sciences, Nalamile, Aluva. | പോളിടെക്നിക് ഇതര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന കുട്ടി. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3) പ്രോജക്റ്റ് നിർവ്വഹണസമയത്ത് CPRCS പോർട്ടൽ മുഖേന ലാപ്ടോപ്പുകൾ ലഭ്യമാകുന്നതിന് കാലതാമസം നേരിട്ട സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് എളുപ്പത്തിൽ ലാപ്ടോപ്പ് ലഭിക്കുന്നതിനു വേണ്ടിയാണ് ടെണ്ടർ രീതി അവലംബിച്ച് വാങ്ങൽ നടത്തിയതെന്നാണ് മറുപടി നൽകിയത്. അനീഷ പി.എ എന്ന വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുന്നതാണെന്നും, ഡിപ്ലോമ കോഴ്സ് എന്ന പരിഗണനയിലാണ് ലിനിയ കെ ശങ്കർ എന്ന കുട്ടിക്ക് ലാപ്ടോപ്പ് നൽകിയതെന്നും അറിയിച്ചു.

5,00,000/- രൂപയിലധികം അടങ്കലുള്ള വാങ്ങലുകൾക്ക് ഈ-ടെണ്ടറിംഗ് ബാധകമാക്കണമെന്ന നിബന്ധനപോലും പാലിക്കാതെ വാങ്ങൽ നടത്തിയത് ശരിയായ നടപടിയല്ല. മേൽ ആനുകൂല്യം കൈപ്പറ്റിയവർക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അനീഷ പി.എ എന്ന വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതും, ഡി.ഫാം കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിക്കുന്നതിൽ വ്യക്തത വരുത്തിയും മറുപടി നൽകേണ്ടതാണ്. ഐ.ടി ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് പ്രവൃത്തിക്ക് തുക നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധം.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത റോഡിൽ ഡ്രെയിനേജ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് തുക നൽകിയത് ചട്ടവിരുദ്ധം.

പ്രവൃത്തിയുടെ പേര്: ഇളമ്പകപ്പള്ളി -കയ്യുത്തിയാൽ റോഡ് സൈഡ് ഡ്രെയിൻ നിർമ്മാണം.

പ്രൊജക്റ്റ് നം.:129/21

ഭരണാനുമതി: 1(1)/31.12.2019

: 558000/-രൂപ.

ചെലവ് :35000/-രൂപ(ധനകാര്യകമ്മീഷൻ ഗ്രാന്റ്,

വൗച്ചർ നം.67/13.8.2020)

:5230000/-രൂപ(വികസന ഫണ്ട്,വൗച്ചർ നം.66/13.8.2020)

ആകെ :558000/-രൂപ.

2019-20 വർഷത്തിൽ 38/20 നമ്പർ ആയി നടപ്പാക്കിയ ഈ പ്രൊജക്റ്റിന്റെ ഭാഗമായി മുകളിൽ പറഞ്ഞ വിധം 558000/-രൂപ മൂവാറ്റുപുഴ പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. ഈ റോഡിൽ ചെയിനേജ് 1/00മുതൽ 1/110വരെ ഡ്രെയിനേജ് നിർമ്മിക്കുന്നതിനാണ് തുക നൽകിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി. റോഡിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുവാൻ പാടില്ല എന്ന ഗവൺമെന്റ് നിർദ്ദേശമുള്ളതിനാലാണ് ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതെന്ന് ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിൽ (7/1 തീയതി 5.12.2019)ൽ പറയുന്നുണ്ട്. മുടക്കുഴ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് മൂവാറ്റുപുഴ പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ച തുകയാണ് അസി.എഞ്ചിനീയർ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവൃത്തി നടത്തുന്നതിന് തുക കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതിയില്ല. ആയതിനാൽ തന്നെ ഇത്തരത്തിൽ തുക കൈമാറിയത് ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറിൽനിന്നും വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാതെയാണ് തുക നൽകിയിരിക്കുന്നത്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

നൽകിയ തുകക്ക് പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറിൽനിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 558000/-രൂപ തടസ്സപ്പെടുത്തുന്നു.

1-22 മരാമത്ത് പ്രവൃത്തിയിലെ അപാകങ്ങൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പൊതുവിൽ നല്ല നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ.അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

2)ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

കേരള പൊതുമരാമത്ത് ചട്ടങ്ങൾ (ചട്ടം 10-7) പ്രകാരം ടെൻഡർ തുറക്കുന്ന സമയത്ത് ഹാജരായിട്ടുള്ള കരാറുകാരോ പ്രതിനിധികളോ ടെൻഡർ രജിസ്റ്ററിൽ ഒപ്പ് വെക്കേണ്ടതുണ്ട്. കൂടാതെ ടെൻഡർ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററിൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതുമുണ്ട്. കരാറുകാരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അസി.എഞ്ചിനീയർ പേജുകളിൽ സാക്ഷ്യപ്പെടുത്തൽ നടത്തിയതായി കാണുന്നില്ല.

3)ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ ദൈർഘ്യം കാണിക്കുന്ന ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

4)ഫിനാൻസ് (ഇൻഡസ്ട്രീസ്&പബ്ലിക്ക് വർക്സ് )ഡിപ്പാർട്ട്മെന്റിന്റെ 18/2019/ഫിൻ തീ. 1.3.2019 സർക്കുലറിലെ ഖണ്ഡിക നം.12പ്രകാരം സ്രോതസ്സിൽനിന്നുള്ള ടാക്സുകൾ കുറവാക്കുന്നതിന് പ്രവൃത്തിമൂല്യം കണക്കാക്കുന്നത് ജി.എസ്.ടി തുക ഒഴിവാക്കിയുള്ള തുകയിൽനിന്നുമായിരിക്കേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽനിന്നും ജി.എസ്.ടി തുക (12%)കൂടി കൂട്ടിക്കിട്ടുന്ന തുകയിൽനിന്നുമാണ് 2% ജി.എസ്.ടി കുറവ് ചെയ്തിരിക്കുന്നത്.

ഉദാഹരണം താഴെ കൊടുക്കുന്നു.

| | കുറവ് ചെയ്ത ജി.എസ്.ടി തുക. | കുറവ് ചെയ്യേണ്ട ജി.എസ്.ടി തുക. |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 810980.26/-രൂപ | 810980.26/-രൂപ |
| 12%ജി.എസ്.ടി (കൂട്ടുക) | 97317.6/- | 97317.6/- |
| ആകെ | 908298/-രൂപ | 908298/-രൂപ |
| 2%ജി.എസ്.ടി(കുറവ് ചെയ്തത്) | 18157/- രൂപ (907815/-രൂപ മാത്രമാണ് ആകെ കണക്കാക്കിയിരിക്കുന്നത്) | 16219.6/-രൂപ |

ഈ പ്രവൃത്തിയിൽ മാത്രം 1937/-രൂപ ജി.എസ്.ടി ഇനത്തിൽ അധികമായി ഈടാക്കിയിട്ടുണ്ട്.

ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം15/17.6.2022) മറുപടിയായി ഭാവിയിൽ പ്രവൃത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിൽമാത്രം ജി.എസ്.ടി തുക ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന മറ്റ് അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനം-അവലോകനം

മുടക്കുഴ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം 4485 പേർ കോവിഡ് ബാധിതരാവുകയും 31 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നടന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 14.06.2022 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കില മുഖേന യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി സന്നദ്ധപ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനും ഭക്ഷണം, മരുന്ന് എന്നിവ സജ്ജമാക്കുന്നതിനും ഇവരുടെ സേവനം

പ്രയോജനപ്പെടുത്തി. പഞ്ചായത്ത് തലത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. അദ്ധ്യാപകരെയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെയും അങ്കണവാടി ജീവനക്കാരെയും ആശാപ്രവർത്തകരെയുമാണ് ഇതിനായി നിയോഗിച്ചത്. ആയതിനാൽ ഇതിനായി തനത് ഫണ്ടിൽ നിന്ന് തുകയൊന്നും ചെലവ് വന്നിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ എഫ് എൽ ടി സി-ക്ക് അകനാട് ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ സൗകര്യമൊരുക്കി പ്രവർത്തനം നടത്തിയിരുന്നു. പഞ്ചായത്തിൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ച് ഭക്ഷണം വിതരണം ചെയ്തിരുന്നു. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും മേൽ ആവശ്യത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവനയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല . 2020-21 വർഷം 20 പൾസ് ഓക്സിമീറ്ററുകൾ വാങ്ങി വിതരണം ചെയ്തിരുന്നു. പി പി ഇ കിറ്റ് സംഭാവന മുഖേന ലഭ്യമായിരുന്നതിനാൽ അതിനായി ചെലവ് വന്നിട്ടില്ല.

ജില്ലാ പഞ്ചായത്തിൽ നിന്ന് 50000/- രൂപയും, തനതുഫണ്ടിൽ നിന്നും 2365921/- രൂപയും പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓൺലൈനായി യോഗം ചേരുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1-24 ഓഡിറ്റ് ഇംപാക്ട്

എൽ എസ് ജി ഡി എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 41 മരാമത്ത് ജോലികൾക്കായി ആറോളം കരാറുകാർ ജോലികൾ ഏറ്റെടുത്തതായി കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടുള്ള കരാറുകാരുടെ ലിസ്റ്റ് പരിശോധിച്ച് 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (നം 18 തീയതി 17.06.2022) നൽകിയതിനെ തുടർന്ന് ചുവടെ ചേർക്കുന്ന രസീത് നമ്പറുകൾ പ്രകാരം 15000/- രൂപ അടവാക്കുകയുണ്ടായി.

| ക്രമ നം: | രസീത് നം: | തീയതി |
|---|---|---|
| 1 | 1220100497 | 18.06.2022 |
| 2 | 1220100498 | 18.06.2022 |
| 3 | 1220100499 | 18.06.2022 |
| 4 | 1220100500 | 18.06.2022 |
| 5 | 1220100502 | 18.06.2022 |
| 6 | 1220100503 | 18.06.2022 |

.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | | 400000 | SO101/21 നെൽക്കൃഷി കൂലിച്ചെലവ് സബ്സിഡി | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 791664 | 202/21 ലൈഫ് ഭവന പദ്ധതി(എസ് സി) | 791664 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 1100000 | 212/21ലൈഫ്-സ്ഥലം വാങ്ങൽ | 1100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 445800 | 210/21 ലൈഫ് ഭവന പദ്ധതി(ജനറൽ) | 445800 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 350000 | SO245/21ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 382000 | SO105/21 പാൽ സബ്സിഡി | 382000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 230000 | 92/21 പാൽ സബ്സിഡി | 230000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | 375000 | 17/21ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 375000 | 0 |
| | ആകെ | | 4074464 | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 463235 | | 227/21 ലൈഫ് ഭവന പദ്ധതി(എസ് സി) | 463235 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | | 80000 | 202/21 ലൈഫ് ഭവന പദ്ധതി(എസ് സി) | 80000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | | 660000 | 210/21 ലൈഫ് ഭവന പദ്ധതി(ജനറൽ) | 660000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | | 375000 | 17/21 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 375000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | | 285790 | SO105/21 പാൽ സബ്സിഡി | 285790 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | | 350000 | SO158/21 ഹനുമാൻക്ഷേത്രം റോഡ് | 350000 | 0 |
| | ആകെ | 463235 | 1750790 | | 2214025 | |

.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 259/21 സ്ട്രീറ്റ് വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതിന് ഡെപ്പോസിറ്റ് | 11/ 11.11.2020 | 170000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| പൊതുമരാമത്ത് വകുപ്പ് | SO129/21 ഇളമ്പകപ്പിള്ളി കയ്യത്തിയാൽ റോഡ് സൈഡ് ഡ്രെയ്ൻ | 66/ 13.08.2020 67/ 13.08.2020 | 523000/- 35000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| കെ എസ് ഇ ബി | SO230/21 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | - | 136126 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |

വാർഷിക ധനകാര്യപത്രിക RP-49 ഷെഡ്യൂളിൽ പൊതുമരാമത്ത് വകുപ്പിന് നൽകിയ 558000/- രൂപയും കെ എസ് ഇ ബിക്ക് നൽകിയ 136126/- രൂപയും നിക്ഷേപ പ്രവൃത്തികൾക്കായുള്ള ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 800000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (തൻവർഷ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ (കെ യു ആർ ഡി എഫ് സി) | സ.ഉ.(കൈ) നം. 68 /2018/ ത.സ്വ.ഭ.വ. / 18.05.2018 | 800000 | 2938424 | 952039 | 0 | 2786385 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 74707550 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 77026653 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 808901 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 170000 | ശ്രീമതി അതിഥി ദേവി,സെക്രട്ടറി. |
| 1-15 | 21475 | ഡോ.രജിക കുട്ടപ്പൻ,മെഡിക്കൽ ഓഫീസർ. |
| 1-16(1) | 9426 | |
| 1-19 | 50000 | |
| 1-21 | 5,58,000 | ശ്രിമതി.അന്ന ബേബി,അസി.എഞ്ചിനീയർ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രജിക കുട്ടപ്പൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മുടക്കുഴ | പൂഴിക്കുന്നേൽ ഹൗസ്, കുവപ്പടി പി.ഒ |
| ശ്രീമതി.അതിഥി ദേവി, സെക്രട്ടറി. | സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത്(on Leave) | ചന്ദ്രമന ഇല്ലം, കോട്ടപ്പടി പി.ഒ |
| ശ്രീമതി.അന്ന ബേബി | അസി.എഞ്ചിനീയർ,മുടക്കുഴ ഗ്രാമപഞ്ചായത്ത് | ചിറപ്പുറത്ത് ഹൗസ്, വളയൻചിറങ്ങര |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015, തീയതി: 28.01.2016 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2002-2003 | |
| 2003-2004 | |
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10, തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10, തീയതി: 02.11.2011 |
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10, തീയതി: 02.11.2011 |
| 2007-2008 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ.(പി2)-1137/12, തീയതി: 12.09.2012 |

| | |
|---|---|
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14, തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16, തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി2) 2245/16, തീയതി.10.01.2017 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി2) 2026/17, തീയതി.22.11.2017 |
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി2) 155/19, തീയതി.18.03.2019 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി2) 1193 /2019, തീയതി.06.09.2019 |
| 2019-20 | കെ.എസ്.എ ഇ.കെ.എം(പി2) 512 /21, തീയതി.31/03/2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്